## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3527 17.12.2015-ന് മറുപടി നൽകേണ്ടത്

### മന്ത്രിസഭാതീരുമാനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ. ജി. സുധാകരൻ
,, പി.ടി.എ. റഹീം
,, ബാബു. എം. പാലിശ്ശേരി
,, കെ. വി. വിജയദാസ്

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മന്ത്രിസഭാതീരുമാനം വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്നവർക്ക് നല്കുന്നതിന് തടസ്സമുണ്ടോ ; | (എ) യും (ബി) യും | 2005-ലെ വിവരാവകാശനിയമം 8(1)(i) വകുപ്പ് വ്യവസ്ഥ ചെയ്യുന്ന പ്രകാരമാണ് മന്ത്രിസഭാതീരുമാനത്തിന്റെ വിവരം/രേഖ ലഭ്യമാക്കുന്നത്. മന്ത്രിസഭയുടെ തീരുമാനങ്ങളും അവയ്ക്കുള്ള കാരണങ്ങളും ആ തീരുമാനങ്ങളെടുക്കുന്നതിന് ഉപോൽബലകങ്ങളായ വസ്തുതകളെയും തീരുമാനമെടുത്തശേഷം കാര്യം പൂർത്തിയാക്കിയതിനോ കഴിഞ്ഞതിനോ ശേഷവും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. |
| (ബി) | സംസ്ഥാന വിവരാവകാശ കമ്മീഷൻ പ്രസ്തുത വിഷയം സംബന്ധിച്ച നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ ; | | |
| (സി) | മന്ത്രിസഭാതീരുമാനം പൊതുജനങ്ങളിൽ നിന്ന് മറച്ചു വയ്ക്കപ്പെടുന്നുണ്ടോ ; അതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ ; | } | (സി) യും (ഡി) യും (ഇ) യും<br>മന്ത്രിസഭാതീരുമാനങ്ങൾ മുഖ്യമന്ത്രിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സർക്കാർ ഉത്തരവുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ലഭിക്കുന്ന അന്ന് തന്നെ kerala.gov.in വെബ്സൈറ്റിൽ GO's എന്ന വിഭാഗത്തിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത വകുപ്പ് ആരംഭിച്ച ഓൺലൈൻ ന്യൂസ് പോർട്ടലിൽ (kerala.news.gov.in) ഒരു segment ആയി Cabinet brief എന്ന heading-ൽ മന്ത്രിസഭാ തീരുമാനങ്ങൾ നൽകിവരുന്നുണ്ട്. |
| (ഡി) | മന്ത്രിസഭാതീരുമാനങ്ങളും സർക്കാർ ഉത്തരവുകളും യഥാസമയം വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ; | | |
| (ഇ) | എങ്കിൽ സർക്കാർ ഉത്തരവുകൾ അപ്രകാരം പ്രസിദ്ധീകരിക്കാതിരിക്കുന്നതിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ